

# സുഭിക്ഷ കേരളത്തിനായി കുടുംബശ്രീ

സുഭിക്ഷ കേരളം പദ്ധതിക്കായി കുടുംബശ്രീ സംയോജനം നടത്തുന്നതിനെക്കുറിച്ച് ഞമസശിഴ മി കാുമരേ 244ൽ വ്യക്തമാക്കിയിരുന്നുവല്ലോ. ഈ പദ്ധതിയിൽ ഫലപ്രദമായി ഇടപെടുന്നതിനെക്കുറിച്ച് ഞങ്ങൾ കൂടുതലായി ആലോചിച്ചു. ഞങ്ങളുടെ എന്തൊക്കെ പദ്ധതികൾ ഏതൊക്കെ രീതിയിൽ ഇതിന്റെ ഭാഗമാക്കാമെന്നായിരുന്നു ഞങ്ങൾ പ്രധാനമായും ചർച്ച ചെയ്തത്. ഇതിന്റെ അടിസ്ഥാനത്തിൽ ഏഴ് പ്രധാനപ്പെട്ട മേഖലകളിൽ കുടുംബശ്രീയ്ക്ക് തദ്ദേശ സ്ഥാപനങ്ങളുമായി സംയോജനം സാധ്യമാകുമെന്ന് മനസ്സിലായി. സുഭിക്ഷ കേരളം പദ്ധതിക്ക് വേണ്ടി കുടുംബശ്രീയ്ക്ക് കീഴിലുള്ള ഈ സംവിധാനങ്ങൾ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്ന് വ്യക്തമാക്കുന്ന വിവിധ ആശയങ്ങൾ ഞങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തലവന്മാരുമായി പങ്കുവച്ചു.

ഞങ്ങൾ പങ്കുവച്ച പ്രധാന ആശയങ്ങൾ:

**1. തരിശ്ശ് ഭൂമി കൃഷി**

ഗ്രാമപഞ്ചായത്തുകളും കാർഷിക വകുപ്പും തൊഴിലുറപ്പ് പദ്ധതിയുമായും സംയോജിച്ച് 10,536 ഏക്കർ തരിശുഭൂമിയിൽ 23,680 അയൽക്കൂട്ടാംഗങ്ങൾ കൃഷി ഇറക്കിയിട്ടുണ്ട്. വാർഡ് തലത്തിൽ തരിശ്ശ് നിലങ്ങൾ കണ്ടെത്തുന്നതിനായി കുടുംബശ്രീ എഡിഎസ്സ് സംവിധാനത്തിനും അവ പഞ്ചായത്തു തലത്തിൽ ക്രോഡീകരിക്കാൻ സിഡിഎസ്സ് സംവിധാനത്തിനും സാധിക്കും. പഞ്ചായത്തു തലത്തിൽ കണ്ടെത്തുന്ന തരിശ്ശ് ഭൂമിയിൽ കൃഷി ചെയ്യാൻ കുടുംബശ്രീ കൃഷി സംഘങ്ങളെ ഏൽപ്പിക്കാവുന്നതാണ്. നിലവിൽ 13,000ത്തോളം ഏക്കർ ഭൂമിയിൽ 65,610 കുടുംബശ്രീ വനിതാ കർഷകർ 201 ക്ലസ്റ്ററിലായി ജൈവകൃഷി ചെയ്തുവരുന്നു, തരിശ്ശ് നിലങ്ങളാണ് ജൈവകൃഷിയ്ക്കു ഏറ്റവും അനുയോജ്യമെന്നതിനാൽ പഞ്ചായത്തിൽ ലഭ്യമായ തരിശ്ശ് ഭൂമിയിൽ ജൈവകൃഷി വ്യാപിപ്പിക്കാൻ നിലവിലെ കുടുംബശ്രീ ജൈവ കൃഷി സംഘങ്ങളെ

ഉപയോഗിക്കാവുന്നതാണ്. ജൈവ കൃഷിയിൽ വിവിധ പരിശീലനം ലഭിച്ച കുടുംബശ്രീ ക്ലസ്റ്റർ ലെവൽ കോർഡിനേറ്റർമാരുടെ (സിഎൽസി) സേവനവും ഉപയോഗിക്കാം.

**2. മൂല്യവർദ്ധിത യൂണിറ്റുകൾ**

സുഭിക്ഷ കേരളം പദ്ധതിയോടനുബന്ധിച്ചു പഞ്ചായത്തു തലത്തിൽ മൂല്യവർദ്ധിത യൂണിറ്റുകളുടെ ശാക്തീകരണം ലക്ഷ്യമിടുന്നുണ്ടെങ്കിൽ പഞ്ചായത്തിൽ നിലവിലുള്ള കുടുംബശ്രീ മൂല്യവർദ്ധിത യൂണിറ്റുകൾ പരിഗണിക്കാം. പുതിയ മൂല്യവർദ്ധിത യൂണിറ്റുകൾ ആരംഭിക്കുന്നുണ്ടെങ്കിൽ പരിശീലനം ലഭിച്ച കുടുംബശ്രീ കൃഷിസംഘങ്ങൾ നിലവിലുണ്ട്. അവർക്ക് ഈ സംരംഭം തുടങ്ങാനുള്ള അവസരം ഒരുക്കാം. നിലവിൽ 117 ഇടത്തരം മൂല്യവർദ്ധിത യൂണിറ്റുകളും 320 ചെറുകിട യൂണിറ്റുകളും കുടുംബശ്രീയ്ക്ക് കീഴിലുണ്ട്.

**3. മൃഗസംരക്ഷണം, മത്സ്യകൃഷി**

പഞ്ചായത്തു തലത്തിൽ ഫിഷറീസ് വകുപ്പിന്റെ സഹായത്തോടു കൂടെ മത്സ്യകൃഷി പദ്ധതി നടപ്പിലാക്കുന്നുണ്ടെങ്കിൽ ഫിഷറീസ് വകുപ്പിന്റെ പരിശീലനം ലഭിച്ച കുടുംബശ്രീ ഗ്രൂപ്പുകൾക്കോ വ്യക്തികൾക്കോ പ്രഥമ പരിഗണന നൽകാം. മുട്ടക്കോഴി വളർത്തൽ, മുട്ട സംഭരണം, വിതരണം, പശു വളർത്തൽ, പാൽ സംഭരണം, പാൽ ഉത്പന്നങ്ങളുടെ നിർമ്മാണം, വിൽപ്പന മുതലായ പദ്ധതികൾ സുഭിക്ഷയുടെ ഭാഗമായി പഞ്ചായത്തിൽ രൂപം നൽകിയാൽ ഇത്തരം മൃഗസംരക്ഷണ പ്രവർത്തനങ്ങളിലൂടെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്ന കുടുംബശ്രീ കർഷകരെ പദ്ധതിയുടെ ഭാഗമാക്കാം.

**4. ഭക്ഷ്യ സുരക്ഷാ പദ്ധതികൾ**

സുഭിക്ഷ കേരളം പദ്ധതിയുടെ പ്രധാന ലക്ഷ്യം ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുക എന്നതാണ്. ഭക്ഷ്യവിളകളുടെ വ്യാപനത്തിന് കുടുംബശ്രീ കൃഷി സംഘങ്ങൾ നിലവിൽ മികച്ച പങ്കു വഹിക്കുന്നുണ്ട്. കിഴങ്ങു വർഗ്ഗം, പച്ചക്കറി, വാഴ, നെല്ല് തുടങ്ങിയവയാണ് നിലവിൽ കൃഷിസംഘങ്ങൾ ചെയ്തുവരുന്ന പ്രധാന കാർഷിക വിളകൾ. ആയതിനാൽ പഞ്ചായത്തിന്റെ പ്രത്യേക താല്പര്യത്തിനനുസരിച്ചു ഏതു തരം ഭക്ഷ്യവിളകളുടെയും കൃഷി വ്യാപിപ്പിക്കാൻ ഇവർക്ക് സാധിക്കും. ഇതിലൂടെ ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനാകും.

പാരമ്പര്യ വിത്തുകളുടെ സീഡ് ബാങ്ക് ആരംഭിക്കുക എന്നത് പഞ്ചായത്ത് തലത്തിൽ കാർഷിക അഭിവൃദ്ധിയ്ക്കു വഴിയൊരുക്കുന്ന ഒരു പദ്ധതി ആണ്. ഇത്തരം പ്രോജക്ടുകൾക്ക് തുണയാകാൻ കുടുംബശ്രീ കർഷകർക്ക് കഴിയും. നിരവധി വർഷങ്ങളായി കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബശ്രീ കർഷകരുടെ പക്കൽ അന്യം നിന്നുപോയതും എന്നാൽ ഗുണനിലവാരമുള്ളതുമായ വിവിധ പാരമ്പര്യ വിത്തുകളുടെ ശേഖരമുണ്ടാകും. ഇത്തരം വിത്തുകൾ ഉപയോഗിച്ചുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നത് പ്രകൃതിയുമായി കൂടുതൽ ഇഴുകി ചേർന്നുള്ള കൃഷിക്കും വഴിയൊരുക്കും.

വാർഡ്/ പഞ്ചായത്ത് അടിസ്ഥാനത്തിൽ വീട്ടുവളപ്പിലെ കൃഷി, അടുക്കളത്തോട്ടം, മട്ടുപ്പാവ് കൃഷി, തുടങ്ങിയ ഒരു വീടിനെ ഭക്ഷ്യസുരക്ഷയിലേയ്ക്ക് നയിക്കുന്ന പൊതുവായ പദ്ധതികൾ നടപ്പിലാക്കാനായി വിഭാവനം ചെയ്യുമ്പോൾ പഞ്ചായത്തിലെ എല്ലാ കുടുംബശ്രീ അംഗങ്ങളുടെയും പ്രാതിനിധ്യം സിഡിഎസ്സ് മുഖാന്തരം ഉറപ്പുവരുത്താനാകും. (കുടുംബശ്രീ കൂട്ടായ്മയിലൂടെ എല്ലാ അയൽക്കൂട്ടങ്ങളിലെയും അവർക്കാവശ്യമുള്ള പച്ചക്കറികൾ സ്വയം ഉല്പാദിപ്പിക്കുന്നതിനും ജനങ്ങളിലേയ്ക്ക് കൃഷിയുടെ പ്രാധാന്യം എത്തിക്കുന്നതിനുമായി 2017-18 ൽ നടപ്പിലാക്കിയ പദ്ധതിയാണ് ഭക്ഷ്യ സുരക്ഷാ ഭവനം. ഈ പദ്ധതിയിലൂടെ 8.65 ലക്ഷം അയൽക്കൂട്ടാംഗങ്ങൾക്ക് കൃഷിയിൽ പരിശീലനം നൽകുകയും വിത്തുകൾ ലഭ്യമാക്കുകയും ചെയ്തു). സംയോജിത കൃഷി പഞ്ചായത്തുകളിൽ ഉണ്ടാകുക എന്നത് മാതൃകാപരമാണ്. അത്തരം ആശയങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ പരിശീലനം ലഭിച്ച കുടുംബശ്രീയുടെ കൃഷി സംഘങ്ങളെ ഉപയോഗിച്ച് പദ്ധതി വിജയിപ്പിക്കാനാകും.

**5. കാർഷിക കച്ചവട സംരംഭങ്ങൾ**

തീറ്റപ്പുൽ കൃഷി, തേനീച്ച വളർത്തൽ, ഗ്രോബാഗ് നിർമ്മാണ യൂണിറ്റ്, കട്ട് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് യൂണിറ്റ്, മുളയിൽ നിന്നുള്ള വിവിധ കരകൗശല ഉത്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ, മില്ലുകൾ, ജൈവിക പ്ലാന്റ് നേഴ്